**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: **4484**

**22.07.2015-ൽ മറുപടിക്ക്**

**വർക്കല മുത്താനയിലെ ശ്രീനാരായണ ഗുരു മന്ദിരം ആക്രമണം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.വർക്കല കഹാർ** | | **ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)** | |
| (എ) | വർക്കല മുത്താനയിലെ ശ്രീനാരായണ ഗുരു മന്ദിരം 2014 സെപ്തംബർ 21 ഞായറാഴ്ച അടിച്ച് തകർക്കപ്പെട്ട സംഭവത്തിന് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിന് ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ, അന്വേഷണ സംഘത്തിൽ ഏതെല്ലാം പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ട് ; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; | (ബി) | അന്വേഷണ സംഘത്തിൽ ആറ്റിങ്ങൽ ഡി.വൈ.എസ്.പി ശ്രീ.പ്രതാപൻ നായർ, വർക്കല ഇൻസ്പെക്ടർ ശ്രീ.ആർ.വിനോദ് കുമാർ,വർക്കല പോലീസ് സ്റ്റേഷൻ എസ്.ഐ ശ്രീ.എം.യഹിയ, കല്ലമ്പലം പോലീസ് സ്റ്റേഷൻ എ.എസ്.ഐ ശ്രീ.മുഹമ്മദ് ഇല്യാസ് ,കല്ലമ്പലം പോലീസ് സ്റ്റേഷൻ എസ്.സി.പി.ഒ ശ്രീ.വിജയകുമാർ, കല്ലമ്പലം പോലീസ് സ്റ്റേഷൻ എസ്.സി.പി.ഒ ശ്രീ.രാധാകൃഷ്ണൻ എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കേസിന്റെ അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. കേസ് അന്വേഷണാവസ്ഥയിലാണ്. |

(സി) പ്രസ്തുത അക്രമവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം സംഘടനകൾ മുഖ്യമന്ത്രി/ആഭ്യന്തരമന്ത്രി/ പോലീസ് മേധാവി എന്നിവർക്ക് നിവേദനം നൽകിയിട്ടുണ്ട്; പ്രസ്തുത ആവശ്യത്തിന്മേൽ എന്ത് നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ട്;

(സി) ശ്രീ.വർക്കല കഹാർ , എം.എൽ.എ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ടി കേസിന്റെ അന്വേഷണം തിരുവനന്തപുരം റൂറൽ ജില്ലാ ക്രൈംബ്രാഞ്ചിന് കൈമാറിക്കൊണ്ട് ജില്ലാ പോലീസ് മേധാവി ഉത്തരവായിട്ടുണ്ട്.

(ഡി) മേൽ അക്രമസംഭവങ്ങളുടെ സാഹചര്യത്തിൽ അത്തരത്തിലുള്ള അതിക്രമങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ പോലീസ് പട്രോളിംഗും രഹസ്യ നിരീക്ഷണങ്ങളും നടത്തിവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**